

# കോഴിക്കോടെ ബാലസഭാ കുട്ടികളുടെ സ്വന്തം മ്യൂസിക് ആൽബം

കുടുംബശ്രീയിൽ അംഗങ്ങളായ സ്ത്രീകളുടെ മക്കൾക്കായി രൂപം കൊടുത്ത കൂട്ടായ്മയായ ബാലസഭകളെക്കുറിച്ച് ങമസശിഴ മികാുമരേ 20ലും ബാലസഭകളിൽ അംഗങ്ങളായ കുട്ടികൾ നടത്തുന്ന വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് തുടർന്നുള്ള നിരവധി ലേഖനങ്ങളിലും എഴുതിയിരുന്നത് നിങ്ങൾ വായിച്ചിരിക്കുമല്ലോ. 2005ൽ പ്രാവർത്തികമാക്കിയ ബാലസഭകൾ എന്ന ഈ ആശയത്തിലൂടെ സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു സമൂഹം വാർത്തെടുക്കുകയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. തലമുറകളിൽ നിന്നും തലമുറകളിലേക്കുള്ള ദാരിദ്ര്യ വ്യാപനം തടയുക, വിനോദങ്ങളിലൂടെയുള്ള വിജ്ഞാന സമ്പാദനം, നേതൃശേഷി, സഹകരണ മനോഭാവം, ശാസ്ത്ര അഭിരുചി, ജനാധിപത്യ ബോധം, പരിസ്ഥിതി ബോധം എന്നിങ്ങനെയുള്ള മൂല്യങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുക, കുട്ടികളുടെ വ്യക്തി വികാസം..തുടങ്ങിയ ലക്ഷ്യങ്ങളാണ് ബാലസഭകൾക്കുള്ളത്. ഈ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനായി നിരവധി പ്രവർത്തനങ്ങളും നടത്തിവരുന്നു. ഇത്തരത്തിൽ ബാലസഭാ ക്രിയേറ്റീവ് ക്യാമ്പെയ്ന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ തയാറാക്കിയ മ്യൂസിക് ആൽബം ആശയം കൊണ്ട് തന്നെ ഏറെ വ്യത്യസ്ത പുലർത്തുന്നു.

ജില്ലയിലെ തീർത്തും സാധാരണക്കാരായ ബാലസഭാ അംഗങ്ങളായ കുട്ടികളിലെ സർഗ്ഗ

ശേഷിയുള്ള കുട്ടികളെ കണ്ടെത്തി അവരിൽ നിന്നും തെരഞ്ഞെടുത്ത 50 പേരെ ഉൾപ്പെടുത്തിയാണ് 'വാനോളം മലയാളം' എന്ന ഈ മ്യൂസിക് ആൽബം തയാറാക്കിയത്. സംഗീതത്തിലും നൃത്തത്തിലും അഭിനയത്തിലും പ്രതിഭാ സമ്പന്നരായ കുട്ടികളെ കണ്ടെത്തുകയും ഈ സർഗ്ഗ പ്രതിഭകളെ മികച്ച പ്രോത്സാഹനത്തിലൂടെ ഉയരങ്ങളിലെത്താൻ സഹായിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തെ മുൻനിർത്തിയാണ് ഈ മ്യൂസിക് ആൽബം നിർമ്മിച്ചത്. മറ്റു കുട്ടികൾക്ക് ലഭ്യമാകുന്ന മികച്ച അവസരങ്ങൾ ഈ കുട്ടികൾക്ക് നഷ്ടമായിക്കൂടാ എന്ന ബോധ്യത്തോടെയാണ് ഇത്തരമൊരു മ്യൂസിക് ആൽബം നിർമ്മിക്കാൻ ജില്ലാ ടീം തീരുമാനിച്ചത്.

കോഴിക്കോട് ജില്ലയിലെ 82 സിഡിഎസുകളിലെ ബാലസഭാംഗങ്ങളിൽ നിന്നും നാലുഘട്ടങ്ങളിലായുള്ള തെരഞ്ഞെടുപ്പിലൂടെയാണ് മ്യൂസിക് ആൽബത്തിന്റെ ഭാഗമാകാനുള്ള കുട്ടികളെ കണ്ടെത്തിയത്. ഏറെ സാമൂഹിക പ്രസക്തിയുള്ളതും കുട്ടികളും മുതിർന്നവരും ഉൾക്കൊള്ളേണ്ടതുമായ വിഷയങ്ങൾ അടങ്ങുന്ന അഞ്ചു ഗാനങ്ങളാണ് ആൽബത്തിലുള്ളത്. വാർദ്ധക്യത്തിന്റെ ആകുലതകളും ഏകാന്തതയും സൂചിപ്പിക്കുന്ന 'മുത്തശ്ശിക്കൊരുമ്മ'എന്ന ഗാനം വൃദ്ധജനങ്ങളെ പരിപാലിക്കുന്നതിൽ സമൂഹത്തിനുള്ള ഉത്തരവാദിത്വം ഓർമ്മപ്പെടുത്തുന്നു. കുട്ടികൾക്കിടയിൽ പോലും വ്യാപകമായി കൊണ്ടിരിക്കുന്ന ലഹരിയുടെ ഉപയോഗത്തിനെതിരേയുള്ള ഗാനമാണ് 'ചെറുക്കുക ലഹരിയെ' എന്നുള്ളത്. പ്രളയ ദുരന്തത്തിൽ നിന്നും കേരളത്തെ കൈപിടിച്ചുയർത്തിയ മത്സ്യത്തൊഴിലാളികൾക്കായി ആദരപൂർവ്വം സമർപ്പിക്കപ്പെട്ട ഗാനമാണ് 'പ്രളയപ്പെയ്ത്തിൽ'. അനുദിനം ദുരന്തങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്ന നമ്മുടെ ഭൂമിയെ, പ്രകൃതിയെ സംരക്ഷിക്കുവാൻ പൊതുസമൂഹത്തിനുള്ള ആഹ്വാനമാണ് 'അറിയുക ഭൂമിയെ 'എന്ന ഗാനം. മലയാള ഭാഷയുടെ മഹത്ത്വവും മനോഹാരിതയും പുതുതലമുറക്ക് ബോധ്യമാക്കിക്കൊടുക്കുന്ന ഗാനമാണ് 'മലയാള മധുരം'. കോഴിക്കോടിന്റെ വിവിധ ഭാഗങ്ങളിലെ അതിമനോഹരമായ സ്ഥലങ്ങൾ, സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള വെള്ളിമാട്കുന്ന് പ്രവർത്തിക്കുന്ന വൃദ്ധമന്ദിരം, വിവിധ സ്കൂളുകൾ, തിരൂരിലെ തുഞ്ചൻ പറമ്പ് എന്നിവിടങ്ങളിലാണ് മ്യൂസിക് ആൽബത്തിന്റെ ഷൂട്ടിങ്ങ് നടത്തിയത്.

ബാലസഭാംഗങ്ങളായ കുട്ടികൾ തന്നെയാണ് പാടുകയും നൃത്തം ചെയ്യുകയും അഭിനയിക്കുകയും ചെയ്തിട്ടുള്ളത്. ശ്രീ. ഡൊമിനിക് മാർട്ടിൻ ആണ് സംഗീത സംവിധാനം നിർവ്വഹിച്ചത്. ശ്രീ. ജഗന്ത് ആണ് ചിത്രീകരണം നിർവ്വഹിച്ചിട്ടുള്ളത്. കോഴിക്കോട് കുടുംബശ്രീ അസിസ്റ്റന്റ് ജില്ലാ മിഷൻ കോർഡിനേറ്റർ ശ്രീമതി ക്ഷേമ കെ തോമസ് ആണ് ഗാനരചന നിർവ്വഹിച്ചത്. 2020 മാർച്ച് ഒന്നിന് ജില്ലാ കളക്ടർ സാംബശിവറാവു ഐഎഎസ് ആൽബം പ്രകാശനം ചെയ്തു. പുതുതലമുറയിലെ കുട്ടികൾക്കായി ഏറെ വ്യത്യസ്തമായ ഒരു പരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കിയ കോഴിക്കോട് ജില്ലാ ടീം ഏവർക്കും മാതൃകയാണ്.

മ്യൂസിക് ആൽബത്തിലെ ഓരോ ഗാനങ്ങളും താഴെ നൽകിയിരിക്കുന്ന ലിങ്കിൽ നിന്ന് കാണാനാകും. നിങ്ങളോരോരുത്തരും ഇത് കാണുകയും പരിചയക്കാർക്ക് ഷെയർ ചെയ്ത് നൽകുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കട്ടെ...

https://bit.ly/BS-001
https://bit.ly/BS-002
https://bit.ly/BS-003
https://bit.ly/BS-004
https://bit.ly/BS-005